പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 164

27/06/2011 ൽ മറുപടിക്ക്

**റേഷൻകടകളിൽ കൂടി കൂടുതൽ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ.എം.ആരിഫ് | | ശ്രീ. ടി.എം.ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | റേഷൻകടകളിൽ നിന്നും നൽകി വരുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണ നിലവാരം മെച്ചമല്ലാത്തതിനെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | എഫ്.സി.ഐയിൽ നിന്നും ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രമേ വിട്ടെടുക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്താൻ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുമ്പോഴും ഇവയുടെ ഗുണനിലവാരം മെച്ചമുള്ളതായിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ചുള്ള വിവിധ പരാതികൾക്ക് ഉടനടി പരിഹാരം കണ്ടിട്ടുണ്ട്. |
| (സി) | കൂടുതൽ ഭക്ഷ്യ ധാന്യങ്ങൾ റേഷൻ കടകളിൽ കൂടി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | റേഷൻ കടകളിലൂടെ അരിയും ഗോതമ്പും വിതരണം ചെയ്യുന്നത് കൂടാതെ മറ്റ് അവശ്യ വസ്തുക്കൾകൂടി വിതരണം നടത്തുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ഡി) | സംസ്ഥാനത്തെ റേഷൻകടകൾ വഴി 13 ഇനം അവശ്യസാധനങ്ങൾ വിൽക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 354 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ 25% കേന്ദ്രസർക്കാർ വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്രസർക്കാരിൽ നിന്നും ഇതിന്റെ അനുമതി ലഭിച്ചിട്ടില്ല. |

കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുത്ത റേഷൻകടകൾ വഴി ഓരോ പഞ്ചായത്തിലും 2 എണ്ണം വീതവും ഓരോ മുൻസിപ്പാലിറ്റിയിലും 10 എണ്ണം വീതവും കോർപ്പറേഷനുകളിലെ ഓരോ വാർഡിലും ഓരോന്നും വീതവും റേഷൻകടകളെ തെരഞ്ഞെടുത്ത് 300 രൂപ വില വരുന്ന അവശ്യ സാധനങ്ങൾ അടങ്ങിയ കിറ്റ് 150 രൂപയ്ക്ക് വിതരണം ചെയ്യുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി സംസ്ഥാനത്തൊട്ടാകെ 2745 കടകളെ തെരഞ്ഞെടുത്തിട്ടുണ്ട്. സപ്ലൈകോയിൽ നിന്നാണ് ഇതിനായി സാധനങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. അവശ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള ഈ പദ്ധതിയിൽ ചെറുപയർ,ഉഴുന്ന്,പരിപ്പ്,പഞ്ചസാര,മുളക്, മല്ലി,ജീരകം,കടുക്,വെളിച്ചെണ്ണ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.